# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുതുനഗരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in

ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി 19-1457/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 21/07/2022
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുതുനഗരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി 19-1457/2022 തീയ്യതി: 21/07/2022

## പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 05-11-2019 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 11 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശശിഭൂഷൺ.ഇ. | ഡെപ്യൂട്ടി ഡയറക്ടർ | 21-06-2022 | 29-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 21-06-2022 | 29-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. ഉഷാകുമാരി.വി.ടി.-അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ബീന.എം.വി.-സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ.ജിജീഷ്. എ.കെ. -സീനിയർ ഗ്രേഡ് ഓഡിറ്റർ

(2019-20 വർഷത്തെ ഓഡിറ്റ് കൂടി ഇതോടൊപ്പം നടത്തിയിട്ടുണ്ട്.)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സുധീറ.ഡി | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീമതി. അനുപമ.എ | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അബ്ദുൾ ലത്തീഫ്.എ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി അനുഷ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 23-04-2020 |
| ശ്രീ . കൃഷ്ണനുണ്ണി.കെ.സി | അസിസ്റ്റന്റ് എഞ്ചിനീയർ | 24-04-2020 | 03-06-2020 |
| ശ്രീമതി അനുഷ.ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 04-06-2020 | 18-01-2021 |
| ശ്രീ . ഷെറിഫ്.വൈ | അസിസ്റ്റന്റ് എഞ്ചിനീയർ | 19-01-2021 | 31-03-2021 |
| ഡോ.ദാമോദരൻ | വെറ്ററിനറി സർജൻ | 01-04-2020 | 16-10-2020 |
| ഡോ.എൻ ശിവകുമാർ | വെറ്ററിനറി സർജൻ | 17-10-2020 | 05-11-2020 |
| ഡോ. നേഘാ കൃഷ്ണൻ.പി | വെറ്ററിനറി സർജൻ | 06-11-2020 | 20-01-2021 |
| ഡോ. മുത്തുസ്വാമി | വെറ്ററിനറി സർജൻ | 21-01-2021 | 31-03-2021 |
| ഡോ.ബിജിഷ | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. രാഗേഷ് ആർ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. മിനി മാത്യൂ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. ആഗ്നസ് എച്ച്.എൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസര് | 01-04-2020 | 31-03-2021 |
| ശ്രീമതി.ശുഭ.വി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീ.സുജേഷ്.യു. | വി.ഇ.ഒ | 05-02-2021 | 31-03-2021 |
| ശ്രീമതി.ആശ.ആർ | കൃഷി ഓഫീസർ | 01-04-2020 | 18-01-2021 |
| ശ്രീ.ബഷീർ അഹമ്മദ്.എം | കൃഷി ഓഫീസർ (I/C) | 19-01-2021 | 15-02-2022 |
| ശ്രീമതി.ആശ.ആർ | കൃഷി ഓഫീസർ | 16-02-2021 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീ.റമീസ്.പി.മുഹമ്മദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 11-05-2020 |
| ശ്രീമതി. ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 12-05-2020 | 01-06-2020 |
| ശ്രീ. ജയപ്രകാശ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 02-06-2020 | 02-09-2020 |
| ശ്രീമതി. ഷീല.ടി.ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 03-09-2020 | 31-03-2021 |

-

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jijeesh (Senior Grade Auditor, On 21-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 27-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Jijeesh (Senior Grade Auditor, On 21-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 27-06-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ<br>Written By: Jijeesh (Senior Grade Auditor, On 21-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Jijeesh (Senior Grade Auditor, On 25-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 25-06-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-06-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 28-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 28-06-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.V.Beena (Senior Grade Auditor, On 29-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 29-06-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-06-2022) | 1-7 |
| 9 | ക്യാഷ് പരിശോധന<br>Written By: Jijeesh (Senior Grade Auditor, On 21-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 24-06-2022) | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-06-2022) | 1-10 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-11 |
| 13 | ലൈസൻസ്- അപാകതകൾ പരിഹരിക്കേണ്ടതാണ്<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-12 |
| 14 | ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കിയിട്ടില്ല.<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-12-1 |
| 15 | സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-12-2 |
| 16 | പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല .<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-12-3 |

| | | |
|---|---|---|
| 17 | വസ്തു നികുതി കുറവായി നിർണ്ണയിച്ചു<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-13 |
| 18 | വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-14 |
| 19 | മുറികളുടെ വാടക- 2,07,886/- കുടിശ്ശിക<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-14-1 |
| 20 | കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-14-2 |
| 21 | മത്സ്യ മാർക്കറ്റ് ഫീ- 6,95,280/- രൂപ കുടിശ്ശിക<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-14-3 |
| 22 | വസ്തുനികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-15 |
| 23 | സഞ്ചയയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 28-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 1-16 |
| 24 | അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് നടത്തിയില്ല.<br>Written By: Jijeesh (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-17 |
| 25 | പാലിയേറ്റീവ് കെയർ-മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.<br>Written By: Jijeesh (Senior Grade Auditor, On 29-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-18 |
| 26 | ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.<br>Written By: Jijeesh (Senior Grade Auditor, On 29-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 29-06-2022) | 1-18-1 |
| 27 | മാർഗ്ഗരേഖ പ്രകാരമുള്ള ഇടവേളകളിൽ പി എം സി യോഗം ചേർന്നിട്ടില്ല .<br>Written By: Jijeesh (Senior Grade Auditor, On 29-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 29-06-2022) | 1-18-2 |
| 28 | മോണിറ്ററിങ് നടത്തേണ്ടതാണ്.<br>Written By: Jijeesh (Senior Grade Auditor, On 29-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 29-06-2022) | 1-18-3 |
| 29 | ലൈഫ് ഭവനനിർമ്മാണം - ജനറൽ - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.<br>Written By: M.V.Beena (Senior Grade Auditor, On 29-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 29-06-2022) | 1-19 |
| 30 | തരിശുഭൂമിയിലെ കൃഷി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 29-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 29-06-2022) | 1-20 |
| 31 | ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: M.V.Beena (Senior Grade Auditor, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 1-21 |

ഭാഗം **2**

--- No Records Found ---

## ഭാഗം 3

--- No Records Found ---

## ഭാഗം 4


| | | |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം<br>Written By: Jijeesh (Senior Grade Auditor, On 25-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 25-06-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: M.V.Beena (Senior Grade Auditor, On 29-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 29-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: M.V.Beena (Senior Grade Auditor, On 28-06-2022)<br>Last Updated By: M.V.Beena (Senior Grade Auditor, On 28-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jijeesh (Senior Grade Auditor, On 24-06-2022)<br>Last Updated By: Jijeesh (Senior Grade Auditor, On 28-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: V.T. Ushakumari (Asst. Audit Officer, On 30-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം<br>Written By: V.T. Ushakumari (Asst. Audit Officer, On 30-06-2022)<br>Last Updated By: Anish A (Computer Assistant, On 15-07-2022) | 4-11 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | വാർഷിക ധനകാര്യ പത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് ഭരണസമിതിയുടെ 21.03.2020 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രാരംഭ ബാക്കി | 34,35,952 |
| തൻവർഷം വരവ് | 12,10,95,000 |
| ആകെ വരവ് | 12,45,30,952 |
| ചെലവ് | 12,02,12,000 |
| നീക്കിയിരിപ്പ് | 43,18,952 |

### 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2019-20 | 31-07-2021 | 3-12-22 | - | - |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

1.2020-21 വർഷത്തെ തൊഴിൽ നികുതി ട്രേഡേഴ്സ്, ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയുടെ സംക്ഷിപ്തം വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2. 2020-21 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം മുറികളിൽ നിന്നുള്ള വാടകയുടെ കളക്ഷൻ, ബാലൻസ് എന്നിവ വാർഷികധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| കളക്ഷൻ | 3,20,782 | 3,25,025 | 4,243 |
| ബാലൻസ് | 1,78,222 | 1,65,581 | -12,641 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹51,11,697 |
| വരവ് | ₹5,15,36,786 |
| ആകെ | ₹5,66,48,483 |
| ചെലവ് | ₹4,96,55,181 |
| നീക്കിയിരിപ്പ് | ₹69,93,302 |

### 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ | ആകെ | ചെലവ് | നീക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | അലോട്ട് മെന്റ് | | | യിരിപ്പ്/ ലാപ്സായ തുക |
| വികസന ഫണ്ട്-ജനറൽ | 0 | 8998098 | 8998098 | 8965721 | 32377 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 6393608 | 6393608 | 4609045 | 1784563 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, ഗ്രാന്റ് റോഡ് | 0 | 3414000 | 3414000 | 3050732 | 363268 |
| മെയിന്റനൻസ്ഗ്രാന്റ് നോൺ-റോഡ് | 0 | 3456681 | 3456681 | 2820498 | 636183 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ അടിസ്ഥാന ഗ്രാന്റ് | 0 | 9135844 | 9135844 | 4931388 | 4204456 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ - ടൈഡ് ഗ്രാന്റ് | 0 | 4270000 | 4270000 | 424124 | 3845876 |

തൻവർഷം ഉറവിടത്തിൽ നിന്നും കുറവുചെയ്ത തുകകൾ (പ്ലാൻ ജനറൽ-2895149/-, പ്ലാൻ-SCP-102392/-)

മേൽ പട്ടികയിലെ വരവ് ചെലവുകളിൽ ഉൾപ്പെടുന്നില്ല.

മറ്റ്ഫണ്ടുകൾ

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ ഗ്രാന്റ് ODF(കേന്ദ്ര വിഹിതം) | 1537712 | 1477665 | 3015377 | 2763040 | 2523377 |
| ICDS | 744876 | 600000 | 1344876 | 427812 | 917064 |
| TSC | 243624 | 0 | 243624 | 0 | 243624 |
| NREGS | | | | | 3591 |
| BRGF | 16826 | 0 | 16826 | 0 | 16826 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 168 | 164510734 | 95 | 45753891 | 0 | 73 | 56.54% |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുവാൻ ലക്ഷ്യമിട്ട് അംഗീകാരം ലഭ്യമാക്കിയ പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു .

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 6314260 | 4515535 | 72 |
| വെറ്ററിനറി സർജ്ജൻ | 2 | 2 | 1500000 | 470000 | 31 |
| മെഡിക്കൽ ഓഫീസർ- PHC | 5 | 5 | 1268880 | 996687 | 79 |
| മെഡിക്കൽ ഓഫീസർ- ആയൂർവേദം | 3 | 3 | 517069 | 545000 | 95 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ I | 7 | 4 | 6329440 | 1041124 | 16 |
| വി.ഇ.ഒ II | 5 | 4 | 24607198 | 6554682 | 27 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 9 | 8 | 5032382 | 3866200 | 77 |
| ഡയറി ഫാം ഇൻസ്ട്രക്ടർ/എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 151000 | 0 | 0 |
| സെക്രട്ടറി | 28 | 20 | 7125397 | 6272429 | 88 |
| ഹെഡ് മാസ്റ്റർ | 0 | 0 | 0 | 0 | 0 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 96 | 38 | 110655608 | 20852557 | 53 |
| അസി.സെക്രട്ടറി | 4 | 3 | 909500 | 539677 | 59 |
| ആകെ | 168 | 95 | 164510734 | 45753891 | 28% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 644 | 1066498 | 1067142 | 1063550 | 3591.28 |
| ഗുണഭോക്താക്കൾക്ക് | 0 | 23880764.87 | 23880764.87 | 23880764.87 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 644 | 24947262.87 | 24947906.87 | 24944314.87 | 3591.28 |

## 1-7 ക്ഷേമ പദ്ധതികളുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 2744400 | 177 |
| വിധവാപെൻഷൻ | 13002600 | 835 |
| വാർദ്ധക്യകാലപെൻഷൻ | 17495900 | 1301 |
| വികലാംഗപെൻഷൻ | 3311000 | 225 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 407400 | 27 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 180000 | 6 |

## 1-8 ക്യാഷ് പരിശോധന

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22-6-22 2.35pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി.9,324/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. 24.9.2020 മുതൽ ILGMS സംവിധാനത്തിലേക്ക് മാറിയ പഞ്ചായത്തിൽ സെക്ഷൻ തിരിച്ചുള്ള ജോലിവിഭജനം ഭൗതിക സാഹചര്യങ്ങളുടെ പരിമിതികൾക്കുള്ളിൽ നിന്നു കൊണ്ട് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. പരിപൂർണ്ണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. നിലവിൽ ILGMS ന്റെ ഭാഗമല്ലാത്ത രജിസ്റ്ററുകളും ഫയലുകളും -ഈ ഓഡിറ്റ് റിപ്പോർട്ടിൽ പ്രത്യേക ഖണ്ഡികകളായി ചേർത്തവ ഒഴികെയുള്ളവ-തൃപ്തികരമായി പരിപാലിക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിലെ പോരായ്മകൾ ഒഴിവാക്കി സമയബന്ധിതമായ നിർവ്വഹണം ഉറപ്പാക്കേണ്ടതുണ്ട്. വിവിധഗ്രാന്റുകൾ ലാപ്സ് ആക്കാതെ വിനിയോഗിക്കുന്നതിന് കൃത്യമായ ആസൂത്രണം ആവശ്യമാണ്. തനതു വരുമാനം കുറവുള്ള ഗ്രാമ പഞ്ചായത്തിന് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് നിലവിൽ വലിയൊരു ബാധ്യതയാണ്. കുടിവെള്ള പദ്ധതികളുടെ ആസ്തി -ബാധ്യതകൾ നിർണ്ണയിച്ച് ഗുണഭോക്തൃസമിതികളെ ചുമതല ഏൽപ്പിക്കുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. പദ്ധതികൾ ഗുണഭോക്തൃ സമിതികൾരൂപീകരിച്ച് കൈമാറുന്നതിനുള്ള പ്രായോഗിക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാമ

പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. മേൽ വിഷയങ്ങളിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 15.2.2022 | ജനുവരി 2022 | 04.04.2022 |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18-02-2011 മുതൽ 11-03-2011 വരെ | 2005-06 മുതൽ 2009-10 വരെ | 08-04-2011 |

1.1.2022 മുതൽ 30.1.22വരെയുള്ള കണക്കുകൾ 15.2.22 ന് പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ചിട്ടുണ്ട്. റിപ്പോർട്ട് നം.RAR/PAU3/PDM/01/2022/15.2.22

റിപ്പോർട്ട് പ്രകാരം 2017- 2018 മുതൽ ജനുവരി 2022 വരെയുള്ള കാലയളവിലെ 124പരാമർശങ്ങൾ നടപടി സ്വീകരിക്കുന്നതിന് ബാക്കിയുണ്ട് പരാമർശങ്ങൾ തീർപ്പാക്കുവാനുള്ള നടപടികൾ തുടരുന്നു.

1-11 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു.താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്യിട്ടില്ല.

| ക്രമ നം | സ്ഥാപനം | ജീവനക്കാരുടെ എണ്ണം) | അർദ്ധ വർഷം | കെട്ടിട നം |
|---|---|---|---|---|
| 1 | ഇജാസ് മെറ്റൽസ് | 6 | 1 & 2 | 12/303 |
| 2 | കൃഷ്ണ കോച്ച് ബിൽഡേഴ്സ് | 9 | 1 & 2 | 12/519 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(2, 24-6-22) മറുപടിയായി തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്

1-12 ലൈസൻസ്- അപാകതകൾ പരിഹരിക്കേണ്ടതാണ്

പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് അപേക്ഷകൾ, രജിസ്റ്ററുകൾ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൻ പ്രകാരം നടപടിക്രമങ്ങളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-12-1 ലൈസൻസ് അപേക്ഷകളിലെ കാലഹരണപ്പെട്ട നിബന്ധനകൾ ഒഴിവാക്കിയിട്ടില്ല.

ലൈസൻസ് അപേക്ഷകളിലെ നിബന്ധനകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്കുകൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സ.ഉ(കൈ)നം.6/2019/പരി. തിയതി 27-11-2019

പ്രകാരം സംസ്ഥാനത്ത് ഒറ്റത്തവണ മാത്രം ഉപയോഗമുള്ള പ്ലാസ്റ്റിക് വസ്തുക്കൾക്ക് 1-1-2020 മുതൽ നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിൽ പ്ലാസ്റ്റിക് ക്യാരി ബാഗുകൾ അവയുടെ കനം നോക്കാതെ നിരോധിച്ചിട്ടുണ്ട്. എന്നാൽ ലൈസൻസ് അപേക്ഷകളിൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കരുതെന്ന വ്യവസ്ഥയാണ് കാണുന്നത്.

### 1-12-2 സ്ഥാപനങ്ങളുടെ ലൈസൻസ് പുതുക്കി നൽകുമ്പോൾ ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം അപേക്ഷകനിൽ നിന്നുള്ള സ്വയം സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് പുതുക്കി നൽകാവുന്നതാണ്. മറ്റ് രേഖകളൊന്നും പുതുക്കലിനായി ചട്ടത്തിൽ നിഷ്കർഷിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിൽ ലൈസൻസ് പുതുക്കലിനുള്ള അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള സത്യവാങ്മൂലം വാങ്ങുന്നില്ല.

### 1-12-3 പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല .

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ (നിലവിൽ 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തന ങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. എന്നാൽ പുതുനഗരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3, 24-6-22) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

### 1-13 വസ്തു നികുതി കുറവായി നിർണ്ണയിച്ചു

100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി 100 ച.മീ കുറവുള്ള വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന കെട്ടിടങ്ങളുടെ നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു.

1.

| ഉടമസ്ഥൻ- ജില്ല അബ്ദുൾ കലാം | | | |
|---|---|---|---|
| വാർഡ് /കെട്ടിട നം | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 60 രൂപ /ച.മീ |
| 3/490 | 120.36 | അടിസ്ഥാനനികുതി- 120.36*40= 4814.4 | അടിസ്ഥാനനികുതി- 120.36*60= 7221.6 |
| | | വർദ്ധനവ്- 962.88(20% വഴി) | വർദ്ധനവ്- 1444.32(20% വഴി) |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-5778 | ആകെ- 8666 |
| | | ലൈബ്രറി സെസ്-289 | ലൈബ്രറി സെസ്- 434 |
| | | ആകെ-6067 | ആകെ- 9100 |
| | | | കുറവ്=3,033 |

2.

| ഉടമസ്ഥൻ- നജ്മൽ ഹുസ്സൈൻ, കൊശക്കട, പുതുനഗരം | | | |
|---|---|---|---|
| വാർഡ് /കെട്ടിട നം | വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി 40 രൂപാ/ച.മീ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി 60 രൂപ /ച.മീ |
| 4/549 | 119.92 | അടിസ്ഥാനനികുതി- 119.92*40= 4796.8 | അടിസ്ഥാനനികുതി- 119.92*60=7195.2 |
| | | വർദ്ധനവ്- 959.36(20% വഴി) | വർദ്ധനവ്- 1439.04(20% വഴി) |
| | | ഇളവ്- 0 | ഇളവ്- 0 |
| | | ആകെ-5,757 | ആകെ- 8,634.24 |
| | | ലൈബ്രറി സെസ്-288 | ലൈബ്രറി സെസ്- 432 |
| | | ആകെ- 6,045 | ആകെ- 9,067 |
| | | | കുറവ്=3,022 |

നികുതി നിർണ്ണയത്തിൽ ആവശ്യമായ മാറ്റം വരുത്തേണ്ടതും കുടിശ്ശിക തുകയടക്കം ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-4, 24-6-22).

1-14 വാടക കുടിശ്ശിക ഈടാക്കേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള മുറികളുടെ വാടക, ഓഡിറ്റോറിയം വാടക, ഫിഷ് മാർക്കറ്റ് ലേലം എന്നിവയുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന അപാകതകൾ കാണുന്നു.

1-14-1 മുറികളുടെ വാടക- 2,07,886/- കുടിശ്ശിക

2020-21 സാമ്പത്തിക വർഷം ഷോപ്പിങ് കോംപ്ലക്സ്, ബസ് വെയിറ്റിങ് ഷെഡ്, ഫിഷ് മാർക്കറ്റ് എന്നിവിടങ്ങളിലെ പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള 26 മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്. 3,20,782/- രൂപ തൻവർഷ വരവ് ലഭിച്ചപ്പോൾ 1,78,222/- രൂപ കുടിശ്ശികയായി നിലനിൽക്കുന്നു. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|
| 4,99,004 | 3,20,782 | 1,78,222 |

കുടിശ്ശിക തുക

| ക്രമ നം | ഷോപ്പ് നം | കുടിശ്ശിക തുക |
|---|---|---|
| 1 | ഷോപ്പിങ് കോംപ്ലക്സ്- ഷോപ്പ് നം-10 | 4,887 |
| 2 | ഷോപ്പിങ് കോംപ്ലക്സ്- ഷോപ്പ് നം-12 | 16,750 |
| 3 | ഫിഷ് മാർക്കറ്റ്- ഷോപ്പ് നം-1 | 28,556 |
| 4 | ഫിഷ് മാർക്കറ്റ്- ഷോപ്പ് നം-3 | 28,556 |
| 5 | ഫിഷ് മാർക്കറ്റ്- ഷോപ്പ് നം-5 | 28,556 |
| 6 | ഫിഷ് മാർക്കറ്റ്- ഷോപ്പ് നം-6 | 28,556 |
| 7 | ഫിഷ് മാർക്കറ്റ്- ഷോപ്പ് നം-7 | 28,556 |
| 8 | ഫിഷ് മാർക്കറ്റ്- ഷോപ്പ് നം-8 | 13,805 |
| ആകെ | | 1,78,222 |

മുൻ വർഷങ്ങളിലെ കുടിശ്ശിക=29,664/-

ആകെ കുടിശ്ശിക(രജിസ്റ്റർ പ്രകാരം)= 1,78,222+29,664= 2,07,886/-

കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-14-2 കളക്ഷൻ, ബാലൻസ് എന്നിവ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

2020-21 വർഷത്തെ വാടക രജിസ്റ്റർ പ്രകാരം മുറികളിൽ നിന്നുള്ള വാടകയുടെ കളക്ഷൻ, ബാലൻസ് എന്നിവ വാർഷികധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

| | രജിസ്റ്റർ പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| കളക്ഷൻ | 3,20,782 | 3,25,025 | 4,243 |
| ബാലൻസ് | 1,78,222 | 1,65,581 | -12,641 |

### 1-14-3 മത്സ്യ മാർക്കറ്റ് ഫീ- 6,95,280/- രൂപ കുടിശ്ശിക

പുതുനഗരം ഗ്രാമപഞ്ചായത്ത് വക മത്സ്യ മാർക്കറ്റ് ഗ്രൗണ്ടിൽ നിന്നും ഫീസ് പിരിക്കുവാനുള്ള അവകാശത്തിനായി ലേലം ചെയ്തതുമായി ബന്ധപ്പെട്ട് ലേലത്തുകയിൽ 6,95,280/- രൂപ കുടിശ്ശികയിനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. കുടിശ്ശികയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പേര് | വർഷം | കുടിശ്ശിക |
|---|---|---|
| മുഹമ്മദ് ഹനീഫ | 2015-16 | 91,000 |
| സലീം | 2017-18 | 2,75,000 |
| മുജീബ് റഹ്മാൻ | 2018-19 | 45,280 |
| എം.എൻ.രാജ് കഫൂർ | 2019-20 | 2,84,000 |

കുടിശ്ശിക തുക ഈടാക്കി വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം (9, 27-6-22)

1-15 വസ്തുനികുതി പിരിവ് കാര്യക്ഷമമാകേണ്ടതാണ്.

2020-21 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 12,26,371/- രൂപ വസ്തു നികുതി കുടിശ്ശിക ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുണ്ട്. തൻവർഷ വസ്തു നികുതി ഇനത്തിൽ 13,46,829/- വരവ് ലഭിച്ചപ്പോൾ 8,87,376/- രൂപ കുടിശ്ശികയായി നില നിൽക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു .

| ഇനം | തൻവർഷ കുടിശ്ശിക | മുൻവർഷങ്ങളിലെ കുടിശ്ശിക | ആകെ |
|---|---|---|---|
| ഗാർഹികം | 3,85,937 | 67,110 | 4,53,047 |
| ഗാർഹികേതരം | 5,01,439 | 2,71,885 | 7,73,324 |
| ആകെ | | | 12,26,371 |

വസ്തുനികുതി പിരിവ് കാര്യക്ഷമമാകുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-6, 24-6-22).

1-16 സഞ്ചയയിലെ കെട്ടിടങ്ങളുടെ വിവരങ്ങൾ ചേർത്തതിലെ അപാകതകൾ പരിഹരിക്കേണ്ടതാണ്.

വസ്തുനികുതി വർദ്ധനവ് പരിമിതപ്പെടുത്തിയ താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു .

| ക്രമ നം | കെട്ടിട നം | ഉടമസ്ഥന്റെ പേരും വിലാസവും | വിസ്തീർണ്ണം (ച.മീ) | പരിമിതപ്പെടുത്തിയ വസ്തു നികുതി |
|---|---|---|---|---|
| 1 | 5/389 | അംജത് ഖാൻ.എസ്.എ, ചമ്പ ഹൗസ്, പുതുനഗരം | 179 | 410 |
| 2 | 8/48 | എം.എം.അബ്ദുൾ വഹാബ് ഹാജിയാർ, പുതുനഗരം | 157 | 108 |
| 3 | 9/257 | ജോയി, കരിപ്പോട് | 122 | 290 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയ ശേഷവും തുടരുന്ന അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ

അറിയിക്കേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം-5, 24-6-22)

1-17 അനുപൂരക പോഷകാഹാര വിതരണ പ്രോജക്ടുകൾ - ജി.എസ്.ടി- ടി.ഡി.എസ് കിഴിവ് നടത്തിയില്ല.

പ്രൊജക്റ്റ് വിശദാംശങ്ങൾ

| | |
|---|---|
| പ്രൊജക്റ്റ് നം | 22/21 |
| പ്രൊജക്റ്റിന്റെ പേര് | അങ്കണവാടി അനുപൂരക പോഷകാഹാരം, ജനറൽ |
| അടങ്കൽ | 19,000,00<br>13,00,000(പൊതുവിഭാഗം)+ 6,50,000(കേന്ദ്രാവിഷ്കൃതം) |
| ചെലവ് | 17,29,025<br>((11,29,076(പൊതുവിഭാഗം)+ 5,99,949(കേന്ദ്രാവിഷ്കൃതം)) |

കേന്ദ്ര ഗുഡ്സ് & സർവ്വീസ് ആക്ട് 2017 ലെ സെക്ഷൻ 51(7), 24(6), 25 എന്നിവയും 21.07.2018 ലെ ജി.എസ്.ടി കൗൺസിൽ തീരുമാനം നം-28, കേന്ദ്ര ധനകാര്യ മന്ത്രാലയം-റവന്യൂ വകുപ്പിന്റെ 14.9.2018 ലെ സർക്കുലർ നം 65/39/2018/DOR, സർക്കാർ ഉത്തരവ് (പി)നം.162/2018/ധനം തീയതി 22.10.2018 എന്നിവ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷം രൂപയ്ക്ക് മുകളിൽ കരാർ തുക വരുന്ന വാങ്ങലുകളുടെ കാര്യത്തിൽ വാങ്ങൽ നടത്തുന്ന സ്ഥാപനം 2% ടി.ഡി.എസ് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സർക്കുലർ നം.ഡി.എ1/87/2019/ത.സ്വ.ഭ.വ തീ. 08.03.19 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ നടത്തുന്ന വാങ്ങലുകൾക്ക്/പ്രവൃത്തികൾക്ക് , സെക്രട്ടറിയുടെ GSTIN ഉപയോഗിച്ച് ടിഡിഎസ് ഒടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. തുടർന്ന് 08.09.2020 ലെ സർക്കുലർ നം നം.ഡി.എ1/87/2019 ത.സ്വ.ഭ.വ ഖണ്ഡിക 3 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളിലെയും ഘടക സ്ഥാപനങ്ങളിലേയും എല്ലാ ഡി.ഡി.ഒ മാരും അവരുടെ PAN/TAN ന്റെ അടിസ്ഥാനത്തിൽ GST-TDS രജിസ്ട്രേഷൻ എടുക്കേണ്ടതും, രണ്ടര ലക്ഷത്തിനു മുകളിലുള്ള കരാർ തുകയുള്ള വാങ്ങലുകളിൽ/പ്രവർത്തികളിൽ ജി.എസ്.ടി-ടി.ഡി.എസ് കിഴിവ് വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2020-21 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ അങ്കണവാടി പോഷകാഹാര പരിപാടി(ജനറൽ) പ്രോജക്റ്റ് പ്രകാരം അനുഗ്രഹ ആന്റ് ലക്ഷ്മി കുടുംബശ്രീ യൂണിറ്റ്, പെരുവെമ്പ എന്ന സ്ഥാപനവുമായി നടത്തിയ ഇടപാടുകളിൽ നിയമാനുസൃതം ഈടാക്കേണ്ട 2% നിരക്കിലുള്ള ടി.ഡി.എസ് ഈടാക്കിയിട്ടില്ല. വാങ്ങലിന് പണം നൽകിയ വേളയിൽ 2% ടി.ഡി. എസ് ഈടാക്കാതെ, സപ്ലൈയർക്ക് മുഴുവൻ തുകയും അനുവദിച്ചത് ക്രമപ്രകാരമല്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(8, 27-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ സ്രോതസിൽനിന്നും നിയമാനുസൃതമായ നികുതി കിഴിവ് നടത്തി മാത്രം ബിൽ തുക അനുവദിക്കേണ്ടതാണ്.

1-18 പാലിയേറ്റീവ് കെയർ-മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗരേഖ സ.ഉ(സാധാ).നം.553/2019/തസ്വഭവ പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. പുതുനഗരം ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ പാലിയേറ്റിവ് കെയർ(57/20-21) പ്രൊജക്റ്റുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൻ പ്രകാരം ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്റ്റ് നം | 57/20-21(New) |

| | |
|---|---|
| പ്രോജക്റ്റിന്റെ പേര് | പാലിയേറ്റീവ് കെയർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| അടങ്കൽ | 9,50,000<br>4,50,000(പൊതുവിഭാഗം)+ 3,00,000(ബ്ലോക്ക് പഞ്ചായത്ത്)+2,00,000(ജില്ലാ പഞ്ചായത്ത്) |
| ചെലവ് | 7,26,819<br>426873(പൊതുവിഭാഗം)+ 299946(ബ്ലോക്ക് പഞ്ചായത്ത്) |
| ബിൽ നം-തുക(തീയതി) | 5(22360, 20-5-20)<br>8(12434, 23-6-20)<br>9(2244, 23-6-20)<br>11(42928, 23-6-20)<br>12(49810, 23-6-20)<br>13(27120, 23-6-20)<br>14(27480, 13-7-20)<br>20(29310, 14-8-20)<br>21(26300, 11-11-20)<br>22(27020, 9-10-20)<br>26(24940, 30-10-20)<br>29(64040, 29-1-21)<br>32(34240, 20-2-21)<br>34(37466, 21-3-21)<br>39(1,00,000, 28-3-21)<br>40(1,00,000, 28-3-21)<br>41(50000, 28-3-21)<br>42(14200, 28-3-21)<br>44(34927, 31-3-21) |

1-18-1 ഹോം കെയർ റിപ്പോർട്ട് ബുക്ക്-മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല.

ഖണ്ഡിക 2.6.3 പ്രകാരം അതാത് ദിവസത്തെ ഗൃഹസന്ദർശന വിവരങ്ങൾ ഹോം കെയർ റിപ്പോർട്ട് രജിസ്റ്ററിൽ ചേർക്കേണ്ടതും രജിസ്റ്റർ ആഴ്ചയിലൊരിക്കൽ കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതും ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമാക്കിയ സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിച്ച് നൽകേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങേണ്ടതുമാണ്. എന്നാൽ പി

എച്ച് സി യിലെ ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ ഇപ്രകാരം ചെയ്തു കാണുന്നില്ല.

1-18-2 മാർഗ്ഗരേഖ പ്രകാരമുള്ള ഇടവേളകളിൽ പി എം സി യോഗം ചേർന്നിട്ടില്ല .

പി എം സി രണ്ട് മാസത്തിലൊരിക്കലോ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്. ഓരോ മാസത്തേയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ രേഖാമൂലം അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. ഖണ്ഡിക 2.15.2 പ്രകാരം ഹോംകെയറുകൾ സുഗമമായി നടക്കുന്നുണ്ടെന്ന് പി എം സി കൾ ഉറപ്പ് വരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 20-21 സാമ്പത്തിക വർഷത്തിൽ ഒരിക്കൽ മാത്രമാണ് പി എം സി യോഗം ചേർന്നിട്ടില്ല.

1-18-3 മോണിറ്ററിങ് നടത്തേണ്ടതാണ്.

ഖണ്ഡിക 2.16.1, 2.16.2 എന്നിവ പ്രകാരം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി അവയുടെ യോഗ അജണ്ടകളിൽ പാലിയേറ്റീവ് കെയർ ഒരു ഇനമായി ഉൾപ്പെടുത്തി ചർച്ച ചെയ്യേണ്ടതും തദ്ദേശ ഭരണ സ്ഥാപന സമിതികൾ വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് കെയർ പ്രവർത്തനം വിലയിരുത്തുകയും അതനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടതുമാണ്. എന്നാൽ കമ്മിറ്റി മിനുട്സുകൾ പരിശോധിച്ചതിൻ പ്രകാരം പുതുനഗരം ഗ്രാമപഞ്ചായത്തിൽ ഇത് പാലിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(10, 27-6-22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതും മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കേണ്ടതുമാണ്.

1-19 ലൈഫ് ഭവനനിർമ്മാണം - ജനറൽ - ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

A)-പ്രോജക്റ്റ് നമ്പറും പേരും - 137

ലൈഫ് - പാർപ്പിടപദ്ധതി - പി.എം.എ.വൈ വിഹിതം - ജനറൽ

അടങ്കൽ - 17640000 (PLAN – 2540+ OTHERS - 17637460)

ചെലവ് - ( OTHERS - 2340000 )

ബിൽനമ്പർ -

Hudco Loan

റിക്വിസിഷൻ നമ്പർ -1) – 5086900901200003/09.06.20 - 220000

2) – 5086900901200002/09.06.20 -1400000

3)- 5086900901200005 /06.08.20 - 200000

4) – 5086900901200017/01.02.21 - 320000

5)- 5086900901200018/19.02.21 - 100000

6)- 5086900901200019/08.03.21 - 100000

B) -പ്രോജക്റ്റ് നമ്പറും പേരും - 17

ലൈഫ് - പാർപ്പിടപദ്ധതി - പി.എം.എ.വൈ വിഹിതം - ജനറൽ

അടങ്കൽ - 5982198(PLAN -2182198– + BLOCK SHARE 1800000– + DP SHARE -2000000 )

ചെലവ് - 3320000(PLAN – 1133772 + BLOCK SHARE – 200000 + DP SHARE- 1986228)

ബിൽനമ്പർ - 04/ 13.10.20 – 333772

- 05/21.10.20 -906228

- 06/10.11.20 – 200000

- 08/12.12.21 – 600000

- 09/27.01.21-1080000

- 11/30.03.21- 200000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

ലൈഫ് ഭവനനിർമ്മാണ പദ്ധതി (ജനറൽ) മായി ബന്ധപ്പെട്ട് 2020-21 വർഷങ്ങളിൽ മേൽ സൂചിപ്പിച്ച പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്. പദ്ധതികളുടെ ചെലവ് രേഖകൾ, വാച്ച് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പദ്ധതിയിലുൾപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കൾ തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ലാത്തതായി കണ്ടെത്തി.

| ക്രമ നം | പേര് , വിലാസം | കൈപ്പറ്റിയ തുക | കൈപ്പറ്റാൻ ബാക്കിയുള്ള തുക |
|---|---|---|---|
| 1 | പാരിജാൻ<br>വടക്കേ വിരിഞ്ഞിപ്പാടം | 40000<br>160000<br>60000<br>100000 | 40000 |
| 2 | ജമറത്തുന്നീസ<br>കരിപ്പോട് | 40000<br>160000<br>60000<br>100000 | 40000 |
| 3 | നളിനി<br>പുതുനഗരം | 40000<br>160000<br>60000<br>100000 | 40000 |
| 4 | അബ്ദുൾ റഹീം<br>കെ.പി.തെരുവ് | 40000<br>160000<br>60000<br>100000 | 40000 |
| 5 | സുരേഷ്<br>പുതുനഗരം | 40000<br>160000<br>60000<br>100000 | 40000 |
| 6 | ഗീത<br>ഇല്ലത്തുകൊളമ്പ് | 40000<br>180000<br>100000 | 40000 |

| | | | |
|---|---|---|---|
| | | 40000 | |
| 7 | ദൗലത്ത് പെരുംതേനിതെരുവ് | 40000<br>100000<br>160000<br>40000 | 60000 |
| 8 | ആരിഫ സത്രുവട്ടാരം | 40000<br>160000<br>60000<br>100000 | 40000 |
| 9 | സൈറാബാനു മണ്ണ് വട്ടാരം | 40000<br>160000<br>100000<br>60000 | 40000 |
| 10 | ജൈലാബ്ദീൻ മേട്ടുവളവ് | 40000<br>160000<br>100000<br>60000 | 40000 |

ഭവനനിർമ്മാണത്തിനായി ഭാഗീകമായി തുകകൾ കൈപ്പറ്റിയ ഗുണഭോക്താക്കൾ ഉടനെ നിർമ്മാണം പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം- 11/28.06.22) തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

1-20 തരിശുഭൂമിയിലെ കൃഷി - മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 134/21തരിശുഭൂമിയിൽ നെൽകൃഷി |
| അടങ്കൽ | 16500 (Plan) |
| ചെലവ് | 16000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| ബിൽ നമ്പർ/തുക | 6/30.07.20 |

| | |
|---|---|
| പ്രോജക്റ്റ് നമ്പറും പേരും | 135/21തരിശുഭൂമിയിൽ പച്ചക്കറി കൃഷി |
| അടങ്കൽ | 80000( Plan ) |
| ചെലവ് | 32600 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| | |
|---|---|
| ബിൽ നമ്പർ/തുക | 7/30.07.20 -10020<br>18/30.09.20 -22580 |

2020-21 വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൊജക്റ്റ് നമ്പർ - 134/21 പ്രകാരം 1 കർഷകന് തരിശുഭൂമിയിൽ നെൽകൃഷി കൃഷി ചെയ്യുന്നതിനും , പ്രൊജക്റ്റ് നമ്പർ - 135/21 പ്രകാരം 4 കർഷകർക്ക് തരിശുഭൂമിയിൽ പച്ചക്കറി ചെയ്യുന്നതിനും ആനുകൂല്യം നൽകിയിട്ടുണ്ട്.

1).22/2018/ത.സ്വ.ഭ.വ തീയതി 14-2-2018 ഉത്തരവ് പ്രകാരവും, 29.05.20-ലെ സ.ഉ (സാ.ധാ) നം. 1009/2020/ ത.സ്വ.ഭ.വ പ്രകാരമുള്ള ഭേദഗതി ഉത്തരവിലെ ഖണ്ഡിക 2.2.1 പ്രകാരവും മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യാത്തിട്ടില്ലാത്ത ഭൂമിയെയാണ് തരിശായി പരിഗണിക്കേണ്ടത്. ആയത് കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

മേൽ സൂചിപ്പിച്ച പദ്ധതികളുടെ അപേക്ഷകൾ പരിശോധിച്ചതിൽ കൃഷി ഓഫീസർ മേൽനിർദ്ദേശം പാലിച്ചിട്ടില്ലാത്തതായി കാണുന്നു.

2).ഖണ്ഡിക .2.2.3 പ്രകാരം തരിശുഭൂമിയിലെ ആദ്യ കൃഷിക്ക് മാത്രമാണ് ആനുകൂല്യം നൽകാവുന്നത്. മേൽ സൂചിപ്പിച്ച 2പദ്ധതികളുടെയും അപേക്ഷകളിൽ ആയത് രേഖപ്പെടുത്തിയിട്ടില്ല.

3).ഖണ്ഡിക .2.2.4 പ്രകാരം ആനുകൂല്യം രണ്ടുതവണകളായി നൽകേണ്ടതാണ്, ആദ്യ തവണ പ്ലാന്റിംഗ് നടക്കുമ്പോഴും രണ്ടാം തവണ സീസണിന്റെ പകുതിയിലുള്ള പരിശോധനയ്ക്കുശേഷവും. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ സൂചിപ്പിച്ച 2 പദ്ധതികളിലും ടി നിർദ്ദേശം പാലിച്ചിട്ടില്ല.

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം -7 / 25.06.22 ) മറുപടി ലഭ്യമായിട്ടില്ല.

വരും വർഷങ്ങളിൽ പദ്ധതി മാർഗരേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പാലിച്ച് മാത്രം പദ്ധതികൾ നടപ്പിലാക്കുവാൻ നിർവഹണ ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.

1-21 ഹരിതകർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

സ.ഉ(സാധാ)നം.2420/17/തസ്വഭവ തിയതി 15-07-2017 പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും സ.ഉ(സാധാ)നം.1496/2020/തസ്വഭവ തിയതി 12-8-2020 പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളെ ആസ്പദമാക്കിയുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ രൂപീകരണം

മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെയും ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. 2019 -നവംബർ മാസത്തിലാണ് ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിച്ചത്.വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. ഹരിതകർമ്മ സേനയിൽ ആദ്യ ഘട്ടത്തിൽ 11 പേരാണുണ്ടായിരുന്നത്. നിലവിൽ 27 അംഗങ്ങളുണ്ട്.

യൂസർഫീ ഈടാക്കൽ

ഗ്രാമപഞ്ചായത്തിൽ ആകെ 13 വാർഡുകളുണ്ട്. യൂസർഫീ ആയി വീടുകളിൽ നിന്ന് 50 രൂപയും കടകളിൽ നിന്ന് 100 രൂപയുമാണ് ഈടാക്കുന്നത്. ഗ്രാമപഞ്ചായത്തിലെ ആകെ വീടുകളുടെ എണ്ണം 5236 ഉം വാണിജ്യസ്ഥാപനങ്ങളുടെ എണ്ണം 165 ഉം ആണ്.

ഹരിത കർമ്മസേനകൾക്കുള്ള വയബിലിറ്റി ഗ്യാപ് ഫണ്ട് (വി.ജി.എഫ്)

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്കരിച്ച വയബിലിറ്റി ഗ്യാപ്

ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം (നം. 90/21) 311300 രൂപ (വികസനഫണ്ട്-ധനകാര്യകമ്മീഷൻ അവാർഡ്) ഹരിതകർമ്മസേനയ്ക്ക് നൽകിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്)

സ.ഉ(സാധാ)നം.306/2019/തസ്വഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷൻ) ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തദ്ദേശസ്ഥാപനങ്ങൾക്ക് അവരുടെ പ്രാദേശിക പ്രത്യേകതകളും ആവശ്യങ്ങളും കണക്കിലെടുത്ത് എസ്റ്റിമേറ്റിലും പ്ളാനിലും ആവശ്യമായ ഭേദഗതികൾ വരുത്താവുന്നതാണ്. ഗ്രാമപഞ്ചായത്തിൽ 2019 നവംബർ മാസത്തിൽ താൽക്കാലിക എം.സി.എഫ് പ്രവർത്തനം ആരംഭിച്ചു. എം.സി.എഫിൽ മതിയായ സൗകര്യങ്ങൾ ഉറപ്പാക്കിയിട്ടില്ല. സർക്കാർ ഉത്തരവനുസരിച്ചുള്ള സുരക്ഷാ സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ പിൻഭാഗത്തുള്ള സ്ഥലത്താണ് താല്ക്കാലിക എം.സി.എഫ് പ്രവർത്തിക്കുന്നത് . വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേനകൾ തരംതിരിച്ച ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ എം.സിഎഫിൽ സൂക്ഷിക്കുന്നുണ്ട്. .

ഹരിതകർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖ പ്രകാരം അജൈവ പാഴ്‌വസ്തുക്കൾ സംഭരണം നടത്തുന്നതിന് ആവശ്യമായ മിനി എം.സി.എഫുകൾ വാർഡ് തലത്തിലും (കുറഞ്ഞത് 2 വാർഡുകൾക്ക് 150ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) തദ്ദേശ സ്ഥാപനതലത്തിലും (1000 ച.മീറ്ററിൽ കുറയാത്ത എം.സി.എഫ്) നിർമ്മിക്കുകയോ വാടകയ്ക്ക് ഏർപ്പെടുത്തുകയോ ചെയ്യേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള സംവിധാനങ്ങൾ ഉൾക്കൊള്ളുന്ന എം.സി.എഫുകൾ നാളിതുവരെ സ്ഥാപിച്ചിട്ടില്ല.

റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്)

ഗ്രാമപഞ്ചായത്തിൽ ആർ.ആർ.എഫ് നിലവിലില്ല.

ഹരിത സഹായ സ്ഥാപനങ്ങൾ

15-07-2017 ലെ സ.ഉ(സാധാ)നം.2420/2018/തസ്വഭവ തിയതി ഉത്തരവു പ്രകാരം ഹരിത കേരളം മിഷൻ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാവുന്നതാണ്. ഹരിതസഹായ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾക്കായി മുണ്ടൂർ ഐ.ആർ.ടി.സിയെ ഹരിത സഹായ സ്ഥാപനമായി ഗ്രാമപഞ്ചായത്ത് തെരഞ്ഞെടുത്തിട്ടുണ്ട്.

ക്ലീൻ കേരള കമ്പനി

ക്ളീൻ കേരള കമ്പനിയുമായി ഗ്രാമപഞ്ചായത്ത് 05.02.2021 നാണ് എഗ്രിമെന്റിലേർപ്പെട്ടിട്ടുള്ളത്. സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അപ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

ഹരിതകർമ്മസേനയുടെ അക്കൗണ്ട് നീക്കിയിരിപ്പ്

07.01.2020 ന് ഹരിതകർമ്മസേനയുടെ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. മുന്നിരിപ്പായി 5560 രൂപ അടവാക്കിയിട്ടുണ്ട്. ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ 04.06.2022 ലെ അക്കൗണ്ട് നീക്കിയിരിപ്പ് 39408 രൂപയാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

. ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

- പാഴ്‌വസ്തുക്കളുടെ ശേഖരണത്തിനും ശേഖരിച്ചവ എം.സി.എഫി.ൽ സൂക്ഷിക്കുന്നതിനും മുൻഗണന നൽകുകയും അത്തരം പ്രവർത്തനങ്ങൾക്ക് തടസ്സമുണ്ടാകാത്ത വിധത്തിൽ മാർഗ്ഗരേഖ പ്രകാരമുള്ള മറ്റ് സേവനങ്ങൾക്ക് ഹരിതകർമ്മസേനാംഗങ്ങളെ നിയോഗിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
- യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിതകർമ്മസേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്
- എം.സി.എഫിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.
- യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- ഗ്രാമപഞ്ചായത്ത് മേൽ വിഷയത്തിൽ സ്വീകരിക്കുന്ന തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷൻ കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2020-21 | 25.6.2022 മുതൽ 29.6.2022 വരെ | ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് | 2020-21 | 1800000 | ലൈഫ് ഭവന പദ്ധതി | 200000 | 1600000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | 2020-21 | 300000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 189360 | 110640 |
| | 2020-21 | 800000 | സമഗ്ര നെൽകൃഷി വികസനം | 395617 | 404383 |
| | 2020-21 | 300000 | പാലിയേറ്റീവ് പദ്ധതി | 299946 | 54 |
| | 2020-21 | 291410 | സമഗ്ര നെൽകൃഷി വികസനം | 0 | 291410 |
| | 2020-21 | 749713 | വനിതാതൊഴിൽശാല നിർമ്മാണം | 0 | 749713 |
| | 2020-21 | 92564 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ് | 0 | 92564 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2000000 | ലൈഫ് ഭവന പദ്ധതി - പി.എം എ വൈ വിഹിതം (എസ്.സി.പി) | 0 | 2000000 |
| | 2020-21 | 125000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 0 | 125000 |
| | 2020-21 | 2000000 | ലൈഫ് ഭവന പദ്ധതി | 1986228 | 13772 |
| | 2020-21 | 200000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | | 200000 |
| | 2020-21 | 1150000 | സമഗ്ര നെൽകൃഷി വികസനം | 733344 | 416656 |
| | 2020-21 | 200000 | പാലിയേറ്റീവ് പദ്ധതി | 0 | 200000 |
| | 2020-21 | 125000 | ഭിന്നശേഷിക്കാർക്കുള്ള സ്കോളർഷിപ്പ് | 0 | 125000 |
| | 2020-21 | 419792 | സമഗ്ര നെൽകൃഷി വികസനം | 0 | 419792 |

ബ്ലോക്ക് ജില്ലാ വിഹിതങ്ങൾ ലഭ്യമായത് രേഖപ്പെടുത്തുന്നതിന് പ്രത്യേകം അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല .

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1020000 /-രൂപ വരവുണ്ട്. മുൻബാക്കി 0രൂപയടക്കം 1020000 രൂപയിൽ 6,40000 രൂപ വിനിയോഗിച്ചിട്ടുണ്ട്. 3,80000രൂപ ഉപയോഗപ്പെടുത്താതെ ബാക്കിയുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC Loan- ലൈഫ് പദ്ധതി | - | 1020000 | 28432941 | 2252941 | - | 27200000 |

4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം ലഭിച്ച 150/- രൂപയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | തുക | രസീതി നം. / തിയതി | തുക ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യാഗപേരും |
|---|---|---|---|---|
| 2017-18 | 2-4 | 150 | 120070101456, 25-8-20 | മാനേജർ, മണപ്പുറം ഫിനാൻസ് |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 3-1 | 2017-18 | 1.9.3 | ഇരുചക്ര വാഹനം വാങ്ങുന്നതിന് അർഹതാ മാനദണ്ഡങ്ങൾ വിലയിരുത്താതെ | വിഷയം ബഹു.നിയമ സഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| | | | | ധനസഹായം നൽകി- പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | |

4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

(ബി)സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഒന്നുമില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 51,11,697 |
| ഓഡിറ്റ് വർഷത്തെ വരവ് | 5,15,36,786 |
| ആകെ | 5,66,48,483 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 4,96,55,181 |
| നീക്കിയിരിപ്പ് | 69,93,302 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| - | - | - | - |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഒന്നുമില്ല.

ഭാഗം 1 ലെ ഖണ്ഡികകൾ പ്രകാരം പഞ്ചായത്ത് ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| - | - | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഒന്നുമില്ല | | |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LF P9-217/06/22.7.06/8.8.06<br>LF P8-723/97/5.6.00 | ഓഡിറ്റ് റിപ്പോർട്ട് |
| 1997-98 | LF P9-1271/06/5.7.07 | ശുദ്ധിപത്രം |
| 1998-99 | LF P9-725/05/13.2.06/2.5.06 | ഓഡിറ്റ് റിപ്പോർട്ട് |
| 1999-00 | LFP19/1068/12/4.7.12 | പകർപ്പ് അനുവദിച്ച കത്ത് |
| 2000-01 | LFP19/1967/13/11.7.14/ 10.12.14 | പുനരഭിപ്രായം |
| 2001-02 | LFP19/1631/13/11.7.14/ 28.11.14 | പുനരഭിപ്രായം |
| 2002-03 | LFP19/1632/13/17.11.14/ 28.11.14 | പുനരഭിപ്രായം |
| 2003-04 | LFP19/1628/13/17.11.14/ 4.12.14 | പുനരഭിപ്രായം |
| 2004-05 | LFP19/1546/13/19.11.14/ 28.11.14 | പുനരഭിപ്രായം |
| 2005-06 | LFP19/1388/13/28.11.14/ 4.12.14 | പുനരഭിപ്രായം |
| 2006-07 | LFP19/141/15/26.6.15/6.7.15 | സാധൂകരണം സംബന്ധിച്ച് ഹെഡാഫീസിലേക്ക് കത്ത് |
| 2007-08 | LFP19/1387/13/24.11.14/ 4.12.14 | പുനരഭിപ്രായം |
| 2008-09 | LFP19/1378/13/17.11.14/ 28.11.14 | പുനരഭിപ്രായം |
| 2009-10<br>2010-11 | LFP19/2205/13/16.12.14/ 6.2.15 | പുനരഭിപ്രായം |

| | | |
|---|---|---|
| 2011-12 | LFP19/350/15/13.4.15/18.4.15 | ഖ-3(6) ഒഴിവാക്കിക്കൊണ്ട് കത്ത് |
| 2012-13 | നം.എൽ.എഫ്.പി.17/391/15 Dtd 18.05.2015 | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14 2014-15 | കെ.എസ്.എ.പി.കെ.ഡി/19-1232/2016 Dtd 31.07.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ.പി.കെ.ഡി/19-9/ 2017 Dtd 31.12.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ.ഡി-പി.കെ.ഡി 19-2032/2017 Dtd 23.10.2017. | ഓഡിറ്റ് റിപ്പോർട്ട് |
| 2017-18 | കെ.എസ്.എ.ഡി-പി.കെ.ഡി 19-159/2019 Dtd 03.4.2019 | ഓഡിറ്റ് റിപ്പോർട്ട് |
| 2018-19 | നം.കെ.എസ്.എ-പികെഡി19/119 /2020/11.3.20 | ഓഡിറ്റ് റിപ്പോർട്ട് |
| 2019-20 | നം.കെ.എസ്.എ-പികെഡി19/1456 /2022/08.07.22 | ഓഡിറ്റ് റിപ്പോർട്ട് |

അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കി ഓഡിറ്റ് റിപ്പോർട്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ പുതുനഗരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 3

വാർഷിക ധനകാര്യ പത്രികകൾ

Pudunagaram Grama Panchayat

Balance Sheet as on 31.3.2021

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|---|
| 1 | 310000000 | Panchayat (General) Fund | B-1 | -31284286.4 |
| 2 | 311000000 | Earmarked Funds | B-2 | |
| 3 | 312000000 | Reserves | B-3 | 36234355 |
| 4 | 320000000 | Grants, Funds and Contributions for specific purposes | B-4 | 4851634 |
| 5 | 330000000 | Secured Loans | B-5 | 27200000 |
| 6 | 331000000 | Unsecured Loans | B-6 | |
| 7 | 340000000 | Deposits Received | B-7 | 345506 |
| 8 | 341000000 | Deposit works | B-8 | |
| 9 | 350000000 | Other Liabilities | B-9 | 35873367.4 |
| 10 | 360000000 | Provisions | B-10 | |
| 11 | 410000000 | Fixed Assets | B-11 | 755289 |
| 12 | 412000000 | Capital Work-in-Progress | B-11(b) | 839415 |
| 13 | 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 124052 |
| 14 | 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 11861025 |
| 15 | 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 28353079 |
| 16 | 416000000 | Accumulated Depreciation | B-11(a) | -8803662 |
| 17 | 420000000 | Investment –General Fund | B-12 | |
| 18 | 421000000 | Sundry Debtors # | B-13 | |
| 19 | 430000000 | Stock in Hand (Inventories) | B-14 | |
| 20 | 431000000 | Sundry Debtors (Receivables) | B-15 | 5733036 |
| 21 | 432000000 | Accumulated provision against bad and doubtful (Receivables) | B-15(a) | |
| 22 | 440000000 | Pre-paid Expenses | B-16 | 26820000 |

| | | | | |
|---|---|---|---|---|
| 23 | 450000000 | Cash and Bank Balance | B-17 | 6993302 |
| 24 | 460000000 | Loans, advances and deposits | B-18 | 545040 |
| 25 | 461000000 | Accumulated provision against Loans, Advances and Deposits | B-18(a) | |
| 26 | 470000000 | Other Assets | B-19 | |
| 27 | 480000000 | Miscellaneous Expenditure to be written off | B-20 | |

Pudunagaram Grama panchayat

Income and Expenditure

1.4.2020 to 31.3.2021

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) |
|---|---|---|---|---|
| 1 | 110000000 | Tax Revenue | I-1 | 3236917 |
| 2 | 130000000 | Rental Income from Panchayat Properties | I-3 | 1004004 |
| 3 | 140000000 | Fees & User Charges | I-4 | 2085731 |
| 4 | 150000000 | Sales & Hire Charges | I-5 | 75400 |
| 5 | 160000000 | Revenue Grants, Contributions & Compensation | I-6 | 99873350 |
| 6 | 171000000 | Interest Earned | I-8 | 114175 |
| 7 | 180000000 | Other Income | I-9 | 38177 |
| 8 | 190000000 | Prior Period Income | I-19 | -12610 |
| 9 | 210000000 | Establishment Expenses | I-10 | 9487190 |
| 10 | 220000000 | Administrative Expenses | I-11 | 1014610 |
| 11 | 230000000 | Operations & Maintenance | I-12 | 2763188 |
| 12 | 240000000 | Interest & Finance Charges | I-13 | 267 |
| 13 | 250000000 | Decentralised Plan Programme - Productive Sector | I-14 | 4656475 |
| 14 | 251000000 | Decentralised Plan Programme - Service Sector | I-14(A) | 18428727 |
| 15 | 252000000 | Decentralised Plan Programme - Infrastructure Sector | I-14(B) | 6284633 |

| | | | | |
|---|---|---|---|---|
| 16 | 253000000 | Decentralised Plan Programme - Projects not included in Sector Division | I-14(C) | 23411802 |
| 17 | 254000000 | Expenditure of Transferred Institutions and State Sponsored Schemes | I-14(D) | 37825635 |
| 18 | 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 468970 |
| 19 | 290000000 | Prior Period Expenditure | I-18 | 77932 |
| Gross Surplus / (deficit) of income over expenditure : | | | | 2098867 |

Ion: 2.0.6 Pudunagaram Grama panchayat

Receipt and Payment Abstract

1.4.2020 to 31.3.2021

| Sl.No | Code No | Description of items | Schedule No. | Current Year Amount (Rs.) | Section |
|---|---|---|---|---|---|
| 1 | 450000000 | Cash and Bank balance | RP-40(a) | 5111697 | OB |
| 2 | 110000000 | Tax Revenue | RP-1 | 811600 | Receipts |
| 3 | 180000000 | Other Income | RP-10 | 43177 | Receipts |
| 4 | 220000000 | Administrative Expenses | RP-13 | 1570 | Receipts |
| 5 | 130000000 | Head 3 | RP-3 | 297000 | Receipts |
| 6 | 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 7064734 | Receipts |
| 7 | 330000000 | Secured Loans | RP-31 | 1020000 | Receipts |
| 8 | 340000000 | Deposits Received | RP-33 | 181500 | Receipts |
| 9 | 350000000 | Other Liabilities | RP-35 | 372764 | Receipts |
| 10 | 140000000 | Fees & User Charges | RP-4 | 883425 | Receipts |
| 11 | 431000000 | Sundry Debtors (Receivables) | RP-45 | 2961160 | Receipts |
| 12 | 460000000 | Loans, Advances and Deposits | RP-49 | 595988 | Receipts |
| 13 | 150000000 | Sale & Hire Charges | RP-5 | 75400 | Receipts |

| | | | | | |
|---|---|---|---|---|---|
| 14 | 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 37114293 | Receipts |
| 15 | 171000000 | Interest Earned | RP-9 | 114175 | Receipts |
| 16 | 210000000 | Establishment Expenses | RP-12 | 2122394 | Payments |
| 17 | 220000000 | Administrative Expenses | RP-13 | 490766 | Payments |
| 18 | 230000000 | Operations & Maintenance | RP-14 | 2181747 | Payments |
| 19 | 250000000 | Annual Plan - Revenue Expences (Productive Sector) | RP-16 | 5644476 | Payments |
| 20 | 251000000 | Annual Plan - Revenue Expences (Service Sector) | RP-17 | 11874864 | Payments |
| 21 | 252000000 | Annual Plan - Revenue Expences (Infrastructure Sector) | RP-18 | 6250290 | Payments |
| 22 | 254000000 | State Sponsored Schemes | RP-19 | 652195 | Payments |
| 23 | 260000000 | Grants, Contributions and Compensations from Own Fund | RP-21 | 594588 | Payments |
| 24 | 290000000 | Prior Period Item | RP-25 | 68932 | Payments |
| 25 | 340000000 | Deposits Received | RP-33 | 97750 | Payments |
| 26 | 350000000 | Other Liabilities | RP-35 | 13442412 | Payments |
| 27 | 412000000 | Capital Work In Progress | RP-39 | 1642407 | Payments |
| 28 | 414000000 | Annual Plan - Capital Expences (Service Sector) | RP-41 | 1228791 | Payments |

| | | | | | |
|---|---|---|---|---|---|
| 29 | 415000000 | Annual Plan - Capital Expences (Infrastructure Sector) | RP-42 | 2631943 | Payments |
| 30 | 440000000 | Pre-paid Expenses | RP-47 | 220000 | Payments |
| 31 | 460000000 | Loans, Advances and Deposits | RP-49 | 511626 | Payments |
| 32 | 450000000 | Cash and Bank balance | RP-40(b) | 6993302 | CB |

INFORMATION KERALA MISSION.2022 ersion: 2.0.6

ഡെപ്യൂട്ടി ഡയറക്ടർ